"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി ഓഫീസറായ ശ്രീമതി.സിജി.എം.എ.-യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.1032/2024/AGRI തീയതി,തിരുവനന്തപുരം, 02-11-2024

പരാമർശം:- 1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 17/10/2024 തീയതിയിലെ ADFW/9735/2024-SD2 നമ്പർ നടപടിക്രമം

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 23/10/2024 ലെ ADFW/9735/2024-SD2 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ 13% By transfer പ്രൊമോഷൻ തസ്തികയിൽ കൃഷി ഓഫീസറായി 19/06/2014 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.സിജി. എം. എ.- യുടെ പ്രൊബേഷൻ കാലയളവ് പൂർത്തിയാകേണ്ടിയിരുന്നത് 18/06/2016 അപരാഹ്നത്തിലാണെന്നും എന്നാൽ നാളിതുവരെ ടിയാൻ അക്കൗണ്ട്സ് ടെസ്റ്റ് (ലോവർ) പാസ്സായിട്ടില്ലെന്നും ടിയാളുടെ ജനനതീയതി 20/05/1974 ആയതിനാൽ ടിയാൾക്കു 20/05/2024 ന് 50 വയസ് പൂർത്തിയായിട്ടുണ്ടെന്നും കേരള സ്റ്റേറ്റ് സബോർഡിനേറ്റ് റൂൾസ് 13 (ബി) പ്രകാരം 50 വയസ് പൂർത്തിയായവർക്ക് വകുപ്പുതല പരീക്ഷയിൽ യോഗ്യത നേടുന്നതിന് ഇളവ് അനുവദിച്ചിട്ടുണ്ടെന്നും ടിയാന്റെ പ്രൊബേഷൻ കാലയളവ് പരാമർശം (1) നടപടിക്രമം പ്രകാരം 19/06/2016 മുതൽ 18/06/2017 വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെന്നും ആയതിനാൽ ശ്രീമതി.സിജി.എം. എ യുടെ പ്രൊബേഷൻ 21/05/2024 പൂർവ്വാഹ്നം മുതൽ പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിനായി 19/06/2017 മുതൽ 22/05/2024 വരെ ദീർഘിപ്പിച്ചു ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 13% By transfer പ്രൊമോഷൻ തസ്തികയിൽ കൃഷി ഓഫീസറായി 19/06/2014 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.സിജി.എം. എ യുടെ പ്രസ്തുത തസ്തികയിലെ പ്രൊബേഷൻ, കെഎസ് &എസ്.എസ്.ആർ ഭാഗം II ചട്ടം 13 ബി യിലേയും, ചട്ടം 21

ലേയും, 25/07/2018 -ലെ റൂൾസ് -1/235/2018/ഉ.ഭ.പ.വ നമ്പർ സർക്കുലറിലേയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 20/05/2024 (ജനനത്തീയതി 20/05/1974) പൂർവ്വാഹനം പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിനായി 19/06/2017 മുതൽ 21/05/2024 വരെ ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി.സിജി.എം. എ(കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **( AGRI-EA2/273/2024-AGRI)**

ഉത്തരവിൻ പ്രകാരം
Signed by
Aswathi S Poonkavanam
Date: 02-11-2024 13:46:48